"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

**E13-7231/17/CE/LSGD** **Dated 30.10.2017**

# സർക്കുലർ

വിഷയം:- തസ്വഭവ - കുടിവെള്ളപദ്ധതികളിലെ ക്രമക്കേടുകൾ-പദ്ധതി നടത്തിയത്-നിർദ്ദേശം സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ മിക്കതും ഉദ്ദേശലക്ഷ്യം കൈവരിക്കുന്നില്ല എന്നതും, പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ സംഭവിക്കുന്നുയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ളം എത്തിക്കേണ്ട സ്ഥലം, ജലലഭ്യത, ആവശ്യമായ പമ്പിംഗ് സൗകര്യം, ഇലക്ട്രിക് കണക്ഷൻ ഇതെല്ലാം നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം (Free Surrender/Acquisition Procedure) എന്നിവയെല്ലാം ഉൾപ്പെടുത്തി ശരിയായ പ്രായോഗിക പഠനമോ, സ്ഥലപരിശോധനയോ നടത്താതെ ഭാഗികമായ എസ്റ്റിമേറ്റ് എടുക്കുന്നതുകൊണ്ടാണ് പ്രധാനമായും കുടിവെള്ള പദ്ധതികൾ ശരിയായ രീതിയിൽ പൂർത്തിയാക്കാൻ സാധിക്കാതെ മുടങ്ങി പോകുന്നത്. കൂടാതെ ശരിയായ രീതിയിൽ Supervision നടത്താത്തതും ഗുണനിലവാലമുള്ള മെറ്റീരിയൽസ് ഉപയോഗിക്കാത്തതും ഇതിന് കാരണമാകുന്നുണ്ട്.

ഒരു പ്രോജക്ട് പൂർത്തീകരിക്കാതെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റൊന്നിന് അനുമതി നൽകുന്നുണ്ടെന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ ഓരോ മെമ്പർക്കും പ്രോജക്ട് എന്ന രീതിയിൽ പ്രോജക്ട് വിഭജിക്കുന്നതിനാലാണ് ഇത്തരത്തിൽ ക്രമക്കേടുകൾ സംഭവിക്കുന്നത് എന്നാണ് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട്. ആയതിനാൽ കുടിവെള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ടി അപാകതകൾ സംഭവിക്കാത്തതരത്തിൽ, ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന തരത്തിലും, പ്രോജക്ട് പൂർണ്ണമായും നടപ്പിലാക്കുന്ന രീതിയിലുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിയിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ചീഫ് എഞ്ചിനീയർ

S1817